# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .7188 — 16.07.2012 ന് മറുപടിയ്ക്ക്

### റവന്യൂ കാര്യാലയങ്ങളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ഏകീകൃത സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പ് ഓഫീസുകളിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ഇപ്പോൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ കാലാവധി എത്രയാണ്; | (എ) വില്ലേജാഫീസ്, താലൂക്കാഫീസ്, റവന്യൂ ഡിവിഷണൽ ആഫീസ്, തുടങ്ങിയ റവന്യൂ ആഫീസുകളിൽ നിന്ന് ജാതി, വരുമാനം, അഗതി, ഫാമിലിമെമ്പർഷിപ്പ്, തിരിച്ചറിയൽ, ലൊക്കേഷൻ, നേറ്റിവിറ്റി/ ഡൊമിസൈൽ, റസിഡൻഷ്യൽ, പൊസഷൻ, വിധവ, ഇൻഡിജന്റ്, നോൺ ക്രീമിലെയർ വാല്യൂവേഷൻ, ഡിപ്പന്റൻസി, സോൾവൻസി തുടങ്ങി വിവിധ, സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ:136/07/ആർ.ഡി. തീയതി 27.04.2007 പ്രകാരം ജാതി സർട്ടിഫിക്കറ്റിന് കോടതി വിധിമൂലം മറിച്ച് തീരുമാനം ഇല്ലാത്ത പക്ഷം 10 വർഷം, അഗതി, ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റുകൾക്ക് 3 വർഷം, വരുമാന സർട്ടിഫിക്കറ്റ് 36,000/- രൂപ വരെ ഒരു വർഷവും അതിനുമുകളിൽ പ്രത്യേകാവശ്യത്തിന്; തിരിച്ചറിയൽ സർട്ടിഫിക്കറ്റ് 10 വർഷം, നേറ്റിവിറ്റി/ഡൊമിസൈൽ സർട്ടിഫിക്കറ്റ്, ഭാര്യ/ഭർത്താവ് ഒഴികെയുള്ളവരുടെ ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കററ്, എന്നിവയ്ക്ക് ആജീവനാന്തം, മറ്റു സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനു വേണ്ടി എന്നും കാലാവധി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ജാതി സർട്ടിഫിക്കറ്റിന് 10 വർഷ സാധുതാ കാലയളവ് നിശ്ചയിച്ചത് ദുരുപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 23.09.2008-ലെ സ.ഉ.(കൈ) 318/08/റവന്യൂ പ്രകാരം പ്രത്യേക ആവശ്യത്തിനു മാത്രം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവുകൾ ബാധക |

മല്ലെന്ന് 5.4.2010-ലെ സർക്കാർ ഉത്തരവ് (കൈ)128/10/ആർ.ഡി.പ്രകാരം ഉത്തര വായിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ ക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്ന തിനുള്ള വ്യവസ്ഥകളും അപേക്ഷാ ഫാറവും സർട്ടിഫിക്കറ്റിന്റെ മാതൃകയും 20.4.2002-ലെ 310/2002 നമ്പർ വിജ്ഞാപന ത്തിന് (2002-ലെ കേരളപട്ടികജാതി പട്ടിക ഗോത്രവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ചട്ടങ്ങൾ) വിധേയമാണെന്നതിനാൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ടി ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതു പോലെ പ്രത്യേക ആവശ്യത്തിനായാണ് നൽകുന്നത്.

| | |
|---|---|
| (ബി) വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉൾപ്പെടെ നൽകുന്ന സർട്ടിഫി ക്കറ്റുകൾക്ക് ഏകീകൃത സംവി ധാനം ഏർപ്പെടുത്തുവാൻ നടപ ടി സ്വീകരിക്കുമോ; | (ബി) സ.ഉ(കൈ)351/07/RD തീയതി 01-10-2007 പ്രകാരം സർട്ടിഫിക്കറ്റുകൾക്ക് ഏകീകൃത സംവിധാനം ഏർപ്പെടുത്തി ഉത്തരവായിട്ടു ള്ളതാണ്. |
| (സി) സർട്ടിഫിക്കറ്റുകളുടെ കാലാ വധി നീട്ടുന്നതിനും ഓൺ ലൈൻ സൗകര്യങ്ങൾ ഏർപ്പെ ടുത്തുന്നതിനും നടപടി കൈ ക്കൊള്ളുമോ? | (സി) വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് 1 വർഷമായി നിജപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ് NeGP(National E-Governance Plan) പദ്ധതിയിൻ കീഴിൽ ഐ.റ്റി. മിഷന്റെ സഹായത്തോടെ ഈ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിൽ 23 സർട്ടിഫിക്കറ്റുകൾ ഓൺലൈനായാണ് നൽകുന്നത്. വീടിനടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ഒരു പൗരന് ഇതിന്റെ സേവനം ഉപയോഗപ്പെടുത്താ വുന്നതാണ്. ഭാവിയിൽ സ്വഗൃഹത്തിൽ ഇരുന്നുകൊണ്ടുതന്നെ സർട്ടിഫിക്കറ്റി നായി അപേക്ഷിക്കാവുന്നതും വില്ലേജ് ഓഫീസറുടെ ഡിജിറ്റൽ ഒപ്പോടു കൂടിയ സർട്ടിഫിക്കറ്റുകൾ ഒരു വ്യക്തിയ്ക്ക് സ്വീകരിക്കുവാനും കഴിയുന്ന വിധത്തിൽ ഈ പദ്ധതി വിപുലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ താമസംവിന ഈ പദ്ധതി ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ